# പതിനഞ്ചാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

2025 മാർച്ച് 20, വ്യാഴം

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി**

**പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി**

**റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി**

**രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി**

**കണ്ണൂർ വിമാനത്താവള റൺവേ വികസനത്തിന് ഭൂമി ഏറ്റെടുക്കൽ**

*391 **ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവള റൺവേ വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ എട്ട് വർഷമായി നിലച്ചിരിക്കുന്നതിനാൽ മട്ടന്നൂരിലെ കീഴല്ലൂർ ഗ്രാമത്തിൽ ഇരുന്നൂറിലധികം കുടുംബങ്ങൾ ദുരിതം നേരിടുന്നുവെന്ന വസ്തുത ഗൗരവമായി കാണുന്നുണ്ടോ;

(ബി) ഏറ്റെടുക്കുന്നതിനായി സർക്കാർ വിജ്ഞാപനം ചെയ്ത ഭൂമി വിൽക്കാനോ കൈമാറ്റം ചെയ്യാനോ സാധിക്കാത്ത സഹചര്യം ഭൂവുടമകളെ പ്രതിസന്ധിയിലാക്കിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭൂവുടമകൾക്ക് കൂടി സ്വീകാര്യമായ നഷ്ടപരിഹാര-പുനരധിവാസ പാക്കേജ് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

**പൊതുവിദ്യാഭ്യാസ മേഖലയിൽ കിഫ്ബി മുഖേനയുള്ള പുരോഗതി**

*392 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. പി. ടി. എ. റഹീം**

**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ കിഫ്ബി മുഖേനയുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഡിജിറ്റൽ വിദ്യാഭ്യാസ മേഖലയിൽ കിഫ്ബി ഫണ്ടുകൾ എത്രമാത്രം സഹായകമായെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ വിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യവികസനത്തിൽ കിഫ്ബിയുടെ പങ്ക് വ്യക്തമാക്കാമോ;

(ഡി) വിദ്യാലയങ്ങളുടെ കലാകായിക രംഗത്തെ അടിസ്ഥാനസൗകര്യങ്ങളിൽ എന്തൊക്കെ മാറ്റങ്ങളാണ് കിഫ്ബി മുഖേന വരുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഇ) നിലവിൽ പൊതുവിദ്യാഭ്യാസ വകുപ്പ് കിഫ്ബിയുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കുമോ?

**<u>ടൂറിസം മേഖലയിലേക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിന് പദ്ധതി</u>**

*393 **ശ്രീ. കെ. ആൻസലൻ**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. എ. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിലേക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനും ലോകോത്തര ഡെസ്റ്റിനേഷൻ എന്ന രീതിയിൽ സംസ്ഥാനത്തെ പരിവർത്തനപ്പെടുത്തുന്നതിനുമായി എന്തെല്ലാം വിപണന പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(ബി) ടൂറിസം വിപണന ലക്ഷ്യത്തോടെ സംഘടിപ്പിച്ച ദേശീയ മേളകൾ ഏതൊക്കെയാണെന്നും അവയുടെ നേട്ടങ്ങൾ എന്തൊക്കെയാണെന്നും വിവരിക്കുമോ;

(സി) ആഗോള ടൂറിസ വിപണനം ലക്ഷ്യമാക്കി സംഘടിപ്പിക്കപ്പെട്ട അന്താരാഷ്ട്ര മേളകളുടെ ഫലമായി ടൂറിസം രംഗത്ത് നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഈ രംഗത്തെ ഡിജിറ്റൽ വിപണന പ്രോത്സാഹന പദ്ധതികൾ വിശദമാക്കുമോ;

(ഇ) പ്രസ്തുത വിപണന പദ്ധതികളിലൂടെ സംസ്ഥാനത്തിന് എന്തെല്ലാം നേട്ടങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് അറിയിക്കുമോ?

**<u>പാലങ്ങളുടെ അടിഭാഗങ്ങളിൽ സുസ്ഥിര നഗരസൗന്ദര്യവത്കരണം</u>**

*394 **ശ്രീ എം മുകേഷ്**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീമതി ദെലീമ**
**ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരമധ്യേയുള്ള പാലങ്ങളുടെ അടിഭാഗങ്ങൾ സുസ്ഥിര നഗരസൗന്ദര്യവത്കരണത്തിനും വാണിജ്യവത്കരണത്തിനും അനുയോജ്യമായ വിധത്തിൽ വികസിപ്പിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) പാലങ്ങളുടെ അടിഭാഗങ്ങളിൽ വാൾ ആർട്ടുകളും മ്യൂറൽ പെയിന്റിംഗുകളും ഉപയോഗിച്ച് സൗന്ദര്യവത്കരിച്ച ഇടങ്ങൾ ഏതൊക്കെയാണ്; വ്യക്തമാക്കാമോ;

(സി) ഈ ഭാഗങ്ങളിൽ ആധുനിക പാർക്കിംഗ് സൗകര്യങ്ങളും ജനകീയ ഔട്ട്ഡോർ പാർക്കുകളും സജ്ജീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പാലങ്ങളുടെ അടിഭാഗങ്ങളിൽ സ്മാർട്ട് മാർക്കറ്റുകളും വ്യാപാര സ്ഥാപനങ്ങളും വികസിപ്പിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് പ്രസ്തുത പദ്ധതി ഏകോപിപ്പിച്ച് നടപ്പാക്കുന്നത്; സ്വകാര്യസ്ഥാപനങ്ങളുടെ പരസ്യങ്ങൾ, സി.എസ്.ആർ. ഫണ്ട് എന്നിവ പദ്ധതിയ്ക്കായി ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും എവിടെയെല്ലാമാണ് നിലവിൽ പദ്ധതി ആരംഭിച്ചിട്ടുള്ളതെന്നും അറിയിക്കാമോ; വിശദമാക്കാമോ?

## നവീൻ ബാബുവിനെതിരെയുള്ള ആരോപണത്തിൽ അന്വേഷണം

*395 **ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ എ.ഡി.എം. ആയിരുന്ന നവീൻ ബാബു പെട്രോൾ പമ്പിന്റെ അനുമതിക്കായി കൈക്കൂലി വാങ്ങിയതായ ആക്ഷേപം സംബന്ധിച്ച് ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണർ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അന്വേഷണത്തിൽ നവീൻ ബാബു കൈക്കൂലി വാങ്ങിയെന്ന് തെളിയിക്കുന്ന എന്തെങ്കിലും രേഖകളോ തെളിവുകളോ ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണർക്ക് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പെട്രോൾ പമ്പിന് എതിർപ്പില്ലാ രേഖ നൽകുന്നതിൽ നവീൻ ബാബുവിന്റെ ഭാഗത്തുനിന്ന് കാലതാമസം ഉണ്ടായിട്ടില്ലെന്ന് അന്വേഷണ റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## തൊഴിൽ രംഗത്ത് സ്ത്രീകൾക്ക് നേരെയുള്ള ചൂഷണം

*396 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി. മേഖല ഉൾപ്പെടെയുള്ള തൊഴിൽ രംഗങ്ങളിൽ സ്ത്രീകൾക്ക് നേരെ ചൂഷണം വർദ്ധിച്ചുവരുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ

വിശദമാക്കാമോ;

(ബി) സ്ത്രീകൾക്ക് നൈറ്റ് ഷിഫ്റ്റ് ഉൾപ്പെടെ നൽകുന്നതും കൂടുതൽ നേരം ജോലി ചെയ്യിക്കുന്നതുമായ സംഭവങ്ങൾ വർദ്ധിക്കുന്നത് ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കാമോ;

(സി) തൊഴിൽ നിയമങ്ങൾ, അവകാശങ്ങൾ, മറ്റ് പരിഹാരമാർഗങ്ങൾ എന്നിവ സംബന്ധിച്ച് സ്ത്രീതൊഴിലാളികൾക്ക് സഹായകരമായ രീതിയിൽ അവബോധം സൃഷ്ടിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## <u>സംസ്ഥാനപാത അതോറിറ്റി രൂപീകരിക്കാൻ നടപടി</u>

*397 **ശ്രീ. പ്രമോദ് നാരായൺ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങൾ, ആരാധനാകേന്ദ്രങ്ങൾ, പുതിയ എയർപോർട്ടുകൾ എന്നിവയെ ബന്ധിപ്പിക്കുന്ന റോഡ് ശൃംഖലകളെ കണ്ടെത്തി സംസ്ഥാനപാതകളാക്കി പ്രഖ്യാപിക്കുന്നതിനും നാലുവരി, ആറുവരി ഗണത്തിലേക്ക് ഉയർത്തുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ പല റോഡുകളും പൊതുമരാമത്തിന്റെ പല സെക്ഷനുകളിലും ജില്ലകളിലുമായി ചിതറിക്കിടക്കുന്നതും കെ.എസ്.ടി.പി., റിക്ക്, കെ.ആർ.എഫ്.ബി. ഇങ്ങനെ പലവിധ എസ്.പി.വി.കൾ പരിപാലിക്കുന്നതും മൂലമുള്ള അസന്തുലിതാവസ്ഥ പരിഹരിക്കാൻ നാഷണൽ ഹൈവെ അതോറിറ്റിയുടെ മാതൃകയിൽ സംസ്ഥാനപാത അതോറിറ്റി രൂപീകരിക്കാൻ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

## <u>കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്</u>

*398 **ശ്രീ വി ജോയി**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ . കെ .ഡി .പ്രസേനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെ.എ.എസ്.ഇ.)-ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് അനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്യുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) തൊഴിൽ പരിശീലന രംഗത്ത് കെ.എ.എസ്.ഇ.യുടെ ഇടപെടൽ വിശദമാക്കാമോ;

(സി) കെ.എ.എസ്.ഇ.യുടെ ഏറ്റവും പുതിയ സംരംഭങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ഡി) അന്താരാഷ്ട്ര തൊഴിൽ സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനായി കെ.എ.എസ്.ഇ. നടത്തിയ ഇടപെടലുകൾ വ്യക്തമാക്കാമോ;

(ഇ) കെ.എ.എസ്.ഇ. നിലവിൽ ഏർപ്പെട്ടിരിക്കുന്ന ദേശീയ-അന്താരാഷ്ട്ര പദ്ധതികൾ വിശദമാക്കാമോ?

**<u>ഡിജിറ്റൽ റീസർവ്വേ രംഗത്ത് കൈവരിച്ച നേട്ടം</u>**

*399 **ശ്രീമതി സി. കെ. ആശ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. വാഴൂർ സോമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ഭൂമി സംബന്ധമായ രേഖകൾ ഡിജിറ്റൽ രേഖയാക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത ആദ്യ സംസ്ഥാനമെന്ന നേട്ടം കേരളം കൈവരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഡിജിറ്റൽ റീസർവ്വേ നിശ്ചയിച്ച സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഡിജിറ്റൽ റീസർവ്വേയിലൂടെ കൈവരിച്ച നേട്ടം സംബന്ധിച്ച് പഠിക്കുന്നതിന് ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ കേരളം സന്ദർശിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതര സംസ്ഥാനങ്ങൾ ഡിജിറ്റൽ റീസർവ്വേ നടപടികൾ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാരിനോട് സാങ്കേതിക വൈജ്ഞാനിക സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

**<u>സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്</u>**

*400 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. പി. ബാലചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികളിലും കൗമാരക്കാരിലും കണ്ടുവരുന്ന അപകടകരമായ ആക്രമണോത്സുകതയും ലഹരി ഉപയോഗവും പൂർണമായും തടയുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത വകുപ്പ് വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) കുട്ടികൾ ലഹരിയിലേക്കും അക്രമങ്ങളിലേക്കും തിരിയാതിരിക്കുന്നതിനുള്ള പ്രാഥമിക കരുതൽ എന്ന നിലയ്ക്ക് സ്കൂൾ കുട്ടികളുടെ രക്ഷിതാക്കൾക്ക് പേരന്റിങ്ങിൽ പരിശീലനം നൽകുന്നതിന് പദ്ധതി തയ്യാറാക്കുമോ; വിശദീകരിക്കുമോ;

(സി) സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് ആരംഭിച്ച് എല്ലാ വിദ്യാലയങ്ങളുടെയും പരിസരവും കുട്ടികളെയും ലഹരിമുക്തവും അക്രമമുക്തവുമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(ഡി) സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങളും കർമ്മ പദ്ധതികളും തയ്യാറാക്കുന്നതിന് സംസ്ഥാന തലത്തിലും ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലും പ്രത്യേക സമിതികൾ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

**ഭവനനിർമ്മാണ രംഗത്ത് പുതിയ നയം**

*401 **ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂപ്രകൃതിയുടെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും അടിസ്ഥാനത്തിൽ ഭവനനിർമ്മാണ രംഗത്ത് പുതുതായി നയരൂപീകരണം നടത്തേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ രംഗത്ത് നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്തെ വിവിധ ജില്ലകളിലായി ഭവനനിർമ്മാണ ബോർഡിന്റെ കീഴിലുള്ള ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനും നിലവിലെ പദ്ധതികൾ ഊർജ്ജിതപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ടോ; വിശദമാക്കാമോ?

**നവീൻ ബാബുവിന്റെ മരണം സംബന്ധിച്ച അന്വേഷണം**

*402 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മുൻ എ.ഡി.എം. ആയിരുന്ന നവീൻ ബാബുവിന്റെ മരണത്തിന് കാരണമായ സംഭവവുമായി ബന്ധപ്പെട്ട് ലാൻഡ് റവന്യൂ ജോയിന്റ് കമ്മിഷണർ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത അന്വേഷണ റിപ്പോർട്ടിലെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വിശദമാക്കുമോ?

**യുവജനങ്ങളുടെ നൈപുണ്യശേഷി വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ**

*403 **ശ്രീ. വാഴൂർ സോമൻ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ ഇ ചന്ദ്രശേഖരൻ**

**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ യുവജനങ്ങളുടെ നൈപുണ്യശേഷി വർദ്ധിപ്പിക്കേണ്ട സാഹചര്യം വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആഗോള കമ്പനികൾ കേരളത്തിൽ വൻ നിക്ഷേപങ്ങൾ നടത്തുന്ന സാഹചര്യത്തിൽ സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങൾ മുൻകൂട്ടി കണ്ടറിഞ്ഞ് വ്യാവസായിക പരിശീലന കോഴ്സുകൾ വൈവിധ്യവൽക്കരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) കേരളത്തിലെ വിദ്യാസമ്പന്നരായ യുവജനങ്ങളുടെ നൈപുണ്യശേഷി വർദ്ധിപ്പിക്കുന്നതിന് വിദേശ രാജ്യങ്ങളിലെ നൈപുണ്യ പരിശീലന സ്ഥാപനങ്ങളുമായി സഹകരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ഡി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പൂർണതോതിൽ പ്രവർത്തനസജ്ജമാകുന്നതോടെ സംസ്ഥാനത്ത് ഉണ്ടാകുന്ന തൊഴിലുകൾ മലയാളികൾക്ക് ലഭിക്കുവാൻ പാകത്തിൽ അസ്സാപ്പിന്റെ തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## ഹെൽത്ത് ടൂറിസം

*404 **ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹെൽത്ത് ടൂറിസം ഹബ്ബാക്കി പരിവർത്തനപ്പെടുത്താനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത ലക്ഷ്യത്തോടെയുള്ള പ്രചരണങ്ങൾ വിദേശത്തുൾപ്പെടെ നടപ്പാക്കുന്നതിന് പദ്ധതികൾ വികസിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വിദേശികൾക്ക് കേരളത്തിൽ ചികിത്സാസൗകര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) ഡിജിറ്റൽ ഹെൽത്ത് ടൂറിസം ആൻഡ് ഓൺലൈൻ മാർക്കറ്റിംഗ് രംഗത്ത് ഉണ്ടായിട്ടുള്ള പുരോഗതികൾ വ്യക്തമാക്കുമോ?

## ജിയോസെൽ ടാറിംഗ്

*405 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിയോസെൽ ടാറിംഗ് എന്താണെന്ന് വിശദീകരിക്കാമോ; ഇത്തരം ടാറിംഗ് സംവിധാനം സംസ്ഥാനത്ത് എവിടെയൊക്കെയാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ടാറിംഗ് സംവിധാനം വിജയകരമാണോ; ഈ സംവിധാനത്തിന് എന്തെങ്കിലും ന്യൂനതയുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) ഈ സംവിധാനം വിജയകരമാണെങ്കിൽ സംസ്ഥാനത്ത് വെള്ളക്കെട്ടുള്ള കുട്ടനാട്, അപ്പർ കുട്ടനാട് എന്നീ മേഖലകളിൽ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## റവന്യൂ വകുപ്പിന്റെ സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കാൻ നടപടി

*406 **ശ്രീ മാത്യു ടി. തോമസ്**
**ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ കോവൂർ കുഞ്ഞുമോൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) സേവനങ്ങൾ നൽകാൻ ബോധപൂർവ്വം കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## 'മൈസ്' ടൂറിസം

*407 **ശ്രീ. കെ. ജെ. മാക്സി**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ടൂറിസത്തിന്റെ വിവിധ മേഖലകളിലെ പുരോഗതിക്കനുസരിച്ച് സഞ്ചാരികളെ ഉൾക്കൊള്ളാനും തൃപ്തിപ്പെടുത്താനും കഴിയുംവിധം ഹോട്ടൽ ക്ലസ്റ്ററുകൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ പ്രധാന വളർച്ചാ മേഖലയായി മാറിക്കൊണ്ടിരിക്കുന്ന 'മൈസ് ടൂറിസം' (മീറ്റിംഗ്, ഇൻസെന്റീവ്സ്, കോൺഫറൻസസ് ആൻഡ് എക്സിബിഷൻ) പ്രയോജനപ്പെടുത്താൻ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ പ്രധാന 'മൈസ്' ടൂറിസം സെന്ററുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## ഐ.ടി.ഐ.കളുടെ ആധുനികവൽക്കരണം

*408 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി.ഐ.കളുടെ ആധുനികവൽക്കരണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഐ.ടി.ഐ. 4.0 പദ്ധതി വഴി പരിശീലനം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) വ്യവസായ മേഖലയുമായി സഹകരിച്ച് ഐ.ടി.ഐ. വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്ന സേവനങ്ങൾ എന്തൊക്കെയാണ്;

(ഡി) ഹൈടെക് ലാബുകളും സ്മാർട്ട് ക്ലാസ് റൂമുകളും ഐ.ടി.ഐ. വിദ്യാഭ്യാസത്തിൽ എന്തുവിധത്തിലുള്ള മാറ്റങ്ങളാണ് വരുത്തുന്നത്; വിശദമാക്കാമോ;

(ഇ) സ്കിൽ ഇന്ത്യാമിഷൻ പോലുള്ള പദ്ധതികൾ വിദ്യാർത്ഥികൾക്ക് എങ്ങനെയാണ് ഗുണകരമാവുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ?

## <u>ലഹരിമുക്ത വിദ്യാലയങ്ങൾ</u>

*409 **ഡോ. എൻ. ജയരാജ്**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. പ്രമോദ് നാരായൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ സാക്ഷരതയുടെ മാതൃകയിൽ സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സമ്പൂർണ ലഹരിമുക്ത വിദ്യാലയങ്ങളാക്കാൻ പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിക്കുമോ; വിശദീകരിക്കാമോ;

(ബി) കലാ, കായിക, സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വിദ്യാർത്ഥികൾക്ക് കൂടുതൽ പ്രോത്സാഹനം നൽകി പ്രസ്തുത ലക്ഷ്യം സാക്ഷാത്കരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ്</u>

*410 **ശ്രീ വി ശശി**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട മികച്ച പ്രൊഫഷനലുകളെ സൃഷ്ടിക്കുന്നതിന് കിറ്റ്സിന്റെ പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കേണ്ടതിന്റ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) കിറ്റ്സിന്റെ വിവിധ കോഴ്സുകളെ വിവരസാങ്കേതികവിദ്യയുമായി ബന്ധപ്പെടുത്തുന്നതിന് കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി സഹകരിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) വിനോദസഞ്ചാര വകുപ്പിന്റെ പ്രവർത്തനങ്ങൾ കാലോചിതമായി മെച്ചപ്പെടുത്തുന്നതിന് ഡിജിറ്റൽ സർവകലാശാലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിർണായകമായിട്ടുണ്ടോ; വിശദീകരിക്കുമോ?

**<u>വയനാട് ദുരന്തബാധിതരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട എസ്റ്റേറ്റുകൾ ഏറ്റെടുക്കൽ</u>**

*411 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് എസ്റ്റേറ്റുകൾ ഏറ്റെടുക്കൽ നടപടി ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) രണ്ട് എസ്റ്റേറ്റുകൾ ഏറ്റെടുക്കുമെന്നുള്ള വാഗ്ദാനത്തിൽ നിന്നും സർക്കാർ പിന്നോട്ട് പോകാനുണ്ടായ സാഹചര്യം വിശദമാക്കുമോ;

(സി) എസ്റ്റേറ്റുകൾ ഏറ്റെടുക്കൽ സംബന്ധിച്ച കോടതി വ്യവഹാരങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

**<u>എസ്.സി.ഇ.ആർ.ടി. പദ്ധതികൾ</u>**

*412 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ ഡി കെ മുരളി**
**ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി.ഇ.ആർ.ടി. പദ്ധതികൾ അദ്ധ്യാപകരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പൊതുവിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും സഹായകമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എസ്.സി.ഇ.ആർ.ടി. കേരളം നടപ്പാക്കുന്ന കണ്ടിന്യുവസ് പ്രൊഫഷണൽ ഡെവലപ്മെന്റ് പദ്ധതിയുടെ പ്രധാനലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും ഇത് അദ്ധ്യാപകരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ എപ്രകാരം സഹായിക്കുമെന്നും വ്യക്തമാക്കുമോ;

(സി) ഹൈടെക് ടീച്ചർ ട്രെയിനിംഗ് പദ്ധതി മുഖേന സ്കൂൾ അദ്ധ്യാപകർക്ക് ഡിജിറ്റൽ അദ്ധ്യാപന പരിശീലനം നൽകുന്നതിന് എന്തെല്ലാം പരിശീലന രീതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) സ്കൂൾ ഇംപ്രൂവ്മെന്റ് പ്രോഗ്രാം മുഖേന നടപ്പാക്കുന്ന പുതിയ അദ്ധ്യാപകർക്കുള്ള പരിശീലന പരിപാടികളെക്കുറിച്ച് വിശദമാക്കാമോ; പ്രസ്തുത പരിപാടിയുടെ ഗുണങ്ങൾ

എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ഇ) ഗ്ലോബൽ ടീച്ചർ എക്സ്ചേഞ്ച് പ്രോഗ്രാം വഴി അന്താരാഷ്ട്ര അദ്ധ്യാപന രീതികൾ ഉൾപ്പെടുത്തുന്നതിന് എസ്.സി.ഇ.ആർ.ടി. ആസൂത്രണം ചെയ്തിരിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്?

**<u>വയനാട് ദുരന്തബാധിതർക്കുള്ള സഹായം</u>**

*413 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് നിലവിൽ എത്ര ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചുവെന്നും ഓരോ ലിസ്റ്റിലും ഉൾപ്പെട്ടവരുടെ മാനദണ്ഡങ്ങളും വിശദമാക്കാമോ;

(ബി) ദുരന്തബാധിതർക്ക് നൽകിയിരുന്ന സഹായങ്ങൾ പുനരധിവാസ പ്രവർത്തനം പൂർത്തിയാകുംവരെ നൽകാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ?

**<u>പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ</u>**

*414 **ശ്രീ. എ. രാജ**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977-ന് മുൻപ് വനഭൂമിയിൽ കുടിയേറിയ കർഷകർക്ക് പട്ടയം നൽകുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഹിൽ സെറ്റിൽമെന്റുകളിൽ താമസിക്കുന്നവരുടെ പട്ടയപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിലവിലുണ്ടായിരുന്ന തടസ്സങ്ങൾ മറികടക്കാനും പട്ടയം ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ടോ; ആയതിന്റെ നടപടികൾ വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് ദീർഘകാലമായി പരിഹരിക്കാതെ നിലനിന്നിരുന്ന പട്ടയ പ്രശ്നങ്ങൾ ഏതൊക്കെയാണെന്നും അവയിൽ പരിഹരിക്കപ്പെട്ട പ്രശ്നങ്ങൾ ഏതൊക്കെയാണെന്നും വിശദമാക്കുമോ;

(ഡി) പട്ടയ പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കാനുതകുംവിധം നടപടികൾ ആവിഷ്കരിച്ചതിന്റെ ഗുണഫലങ്ങൾ വിശദമാക്കുമോ?

**<u>വാർദ്ധക്യത്തിൽ ഒറ്റപ്പെട്ടുപോകുന്നവരെ സഹായിക്കാനുള്ള പദ്ധതികൾ</u>**

*415 **ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. മുരളി പെരുനെല്ലി**

**ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാർദ്ധക്യത്തിൽ ഒറ്റപ്പെട്ടുപോകുന്നവരെ സഹായിക്കാൻ റവന്യൂ വകുപ്പ് എന്തൊക്കെ നടപടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി റിഹാബിലിറ്റേഷൻ സെന്റർ പോലുള്ള സൗകര്യങ്ങൾ ലഭ്യമാക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) വാർദ്ധക്യത്തിൽ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരെ സഹായിക്കാൻ വകുപ്പിൽ പ്രത്യേക പദ്ധതിയുണ്ടോയെന്ന് അറിയിക്കാമോ?

**<u>പാലങ്ങളുടെ ചരിത്രപരമായ നിലനിൽപ്പും പുനർനിർമ്മാണവും</u>**

*416 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പാലങ്ങളുടെ ചരിത്രപരമായ നിലനിൽപ്പ് വിലയിരുത്തിയിട്ടുണ്ടോ; ബ്രിട്ടീഷുകാരുടെ കാലത്ത് നിർമ്മിതമായ പാലങ്ങൾ നിലവിൽ ശേഷിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) സ്വാതന്ത്ര്യാനന്തരം സർക്കാർ മാറ്റി നിർമ്മിച്ച പാലങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) 2000-ന് ശേഷം കേരളത്തിൽ നിർമ്മിക്കപ്പെട്ട പാലങ്ങളുടെ സവിശേഷതകളും ആധുനിക നിർമ്മിതികളുടെ പ്രവണതയും സാങ്കേതികതയും വിശദീകരിക്കാമോ?

**<u>പരുന്തുംപാറയിലെ സർക്കാർ ഭൂമി കയ്യേറ്റം</u>**

*417 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരുന്തുംപാറ വിനോദ സഞ്ചാരകേന്ദ്രത്തിലെ ഭൂമിയിൽ വ്യാപകമായ കയ്യേറ്റം നടന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ;

(സി) ഈ പ്രദേശത്തെ സർക്കാർ ഭൂമിയുടെ അതിരുകൾ വേർതിരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത കയ്യേറ്റത്തിൽ ജീവനക്കാരുടെ സഹായം ലഭിച്ചതായി

കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഇ) കയ്യേറ്റം ഒഴിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

**വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാനസൗകര്യവികസനം**

*418 **ശ്രീ. ആന്റണി ജോൺ**
**ശ്രീ. കെ. ആൻസലൻ**
**ശ്രീമതി ദെലീമ**
**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ റോഡ്, ശുചിമുറി, പാർക്കിംഗ് മേഖല എന്നിവയുടെ അടിസ്ഥാനസൗകര്യവികസനത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വവും പരിസ്ഥിതിയും പരിപാലിക്കുന്നതിന് സുസ്ഥിര പദ്ധതികൾ വികസിപ്പിച്ചിട്ടുണ്ടോ;

(സി) വിനോദസഞ്ചാര മേഖലയിലെ വൈ-ഫൈ, ഇൻഫർമേഷൻ കിയോസ്ക്, ടൂറിസ്റ്റ് ഹെൽപ് ഡെസ്ക് തുടങ്ങിയ ഡിജിറ്റൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

**രജിസ്ട്രേഷൻ വകുപ്പിൽ ആധുനിക സാങ്കേതിക സംവിധാനങ്ങൾ**

*419 **ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തുന്നതിലൂടെ സേവനങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇ-രജിസ്ട്രേഷൻ സംവിധാനം ഉപയോഗിച്ച് പൊതുജനങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും നേരത്തെ ലഭിച്ച സേവനങ്ങൾ എങ്ങനെയൊക്കെ ലളിതവൽക്കരിക്കപ്പെട്ടിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ അടയ്ക്കുന്നതിന് ഓൺലൈൻ സംവിധാനം നിലവിൽ വന്നതിന് ശേഷമുള്ള മാറ്റം എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) രജിസ്ട്രേഷൻ രേഖകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി വകുപ്പിൽ നടപ്പാക്കിയ ആധുനിക സാങ്കേതിക സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) പഴയ രജിസ്ട്രേഷൻ രീതികളുമായി താരതമ്യം ചെയ്യുമ്പോൾ ആധുനികവൽക്കരണത്തിന് ശേഷം രേഖാപരമായ നടപടിക്രമങ്ങളിൽ വന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## **നൈറ്റ് ലൈഫ് ടൂറിസം**

*420 **ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയിലെ വളർച്ച ത്വരിതപ്പെടുത്തുന്നതിനും ആധുനിക നഗരവികസനത്തിന് ഉതകുംവിധം നൈറ്റ് ലൈഫ് ടൂറിസം വികസിപ്പിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ നടപ്പാക്കിയിട്ടുള്ള പ്രധാന നൈറ്റ് ലൈഫ് പദ്ധതികൾ ഏതൊക്കയാണെന്ന് അറിയിക്കാമോ;

(സി) നൈറ്റ് ലൈഫ് ടൂറിസത്തിന്റെ ഭാഗമായി ടൂറിസ്റ്റുകളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി എന്തെല്ലാം മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) നൈറ്റ് ലൈഫ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് നടപ്പാക്കിയ ആധുനിക അടിസ്ഥാനസൗകര്യവികസന പദ്ധതികൾ എന്തൊക്കെയായാണെന്ന് അറിയിക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2025 മാർച്ച് 11, ചൊവ്വ

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].